ദീർഘദൂര സർവ്വീസുകൾ

24 (802) പ്രൊഫ. മീനാക്ഷി തമ്പാൻ : താഴെ കാണുന്ന ചോദ്യത്തിന് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

എൻ. എച്ച് 17-ൽ വരാപ്പുഴ പാലത്തിന്റെ ഉൽഘാടനം കഴിഞ്ഞസ്ഥിതിക്ക് കൊടുങ്ങല്ലൂരിൽ നിന്നും കൂടുതൽ ദീർഘദൂര സർവീസുകൾ ആരംഭിക്കുന്നതിന് വേണ്ട നടപടി സ്വീകരിക്കുമോ ?

ഉത്തരം

ഇക്കാര്യം പരിശോധിക്കുന്നതാണ്.

ട്രാൻസ്പോർട്ട് ഓഫീസുകളുടെ പ്രവർത്തനം

25 (804) ശ്രീ. വർഗ്ഗീസ് വൈദ്യർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്റ്റേറ്റ് ട്രാൻസ്പോർട്ട് അതോറിറ്റി ഓഫീസിലെയും ജില്ലകളിലെ ട്രാൻസ്പോർട്ട് ഓഫീസുകളിലെയും ഇടനിലക്കാരെ ഒഴിവാക്കുന്നതിനും ചൂഷണങ്ങൾ കുറയ്ക്കുന്നതിനും ഈ ഓഫീസുകളുടെ പ്രവർത്തനം സുതാര്യമാക്കുന്നതിനും ജനപ്രതിനിധികളുൾപ്പെട്ട ഒരു സമിതി രൂപീകരിക്കുന്ന കാര്യം സർക്കാർ പരിശോധിക്കുമോ ;

(ബി) ആയതിന് ആവശ്യമായ നടപടികൾ കൈക്കൊള്ളുന്നതിന് നിർദ്ദേശം നൽകുമോ ?

ഉത്തരം

(എ) സ്റ്റേറ്റ് ട്രാൻസ്പോർട്ട് ഓഫീസിലും വകുപ്പിന്റെ ജില്ലാ ഓഫീസുകളിലും ഇടനിലക്കാരെ ഒഴിവാക്കുന്നതിനും ഇവരുടെ ചൂഷണം ഒഴിവാക്കുന്നതിനും ബന്ധപ്പെട്ട അധികൃതർക്ക് ഇതിനകം തന്നെ കർശന നിർദ്ദേശം നൽകിയിട്ടുള്ളതാണ്. ഇടനിലക്കാരുടെ ഇടപെടൽ കാരണം ഓഫീസുകളുടെ സുഗമമായ പ്രവർത്തനം തടസ്സപ്പെടാതിരിക്കുവാനുള്ള നടപടികൾ എല്ലാ ഓഫീസ് മേധാവികളും സ്വീകരിച്ചിട്ടുണ്ട്. ഇതു സംബന്ധിച്ച ഏതെങ്കിലും പരാതികൾ ശ്രദ്ധയിൽപ്പെട്ടാൽ കർശന നടപടികൾ സ്വീകരിക്കുന്നതുമാണ്. ഈ സാഹചര്യത്തിൽ ജനപ്രതിനിധികൾ ഉൾപ്പെട്ട ഒരു സമിതി രൂപീകരിക്കേണ്ടതിന്റെ ആവശ്യം ഉണ്ടെന്നു തോന്നുന്നില്ല.

(ബി) മുകളിൽ (എ) യ്ക്ക് നൽകിയ മറുപടിയുടെ വെളിച്ചത്തിൽ ചോദ്യം ഉദിക്കുന്നില്ല.

കൊടുങ്ങല്ലൂർ ട്രാൻസ്പോർട്ട് ഓപ്പറേറ്റിംഗ് സെന്റർ

26 (805) പ്രൊഫ. മീനാക്ഷി തമ്പാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊടുങ്ങല്ലൂർ ട്രാൻസ്പോർട്ട് ഓപ്പറേറ്റിംഗ് സെന്റർ സബ് ഡിപ്പോയായി ഉയർത്തിയതായി പ്രഖ്യാപിച്ചിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഓപ്പറേറ്റിംഗ് സെന്റർ ബസ് ഡിപ്പോയായി ഉയർത്തുന്നതിന് എത്ര ഷെഡ്യൂളുകൾ ആവശ്യമാണ് ;

(സി) കൊടുങ്ങല്ലൂർ ഓപ്പറേറ്റിംഗ് സെന്ററിൽ ഇപ്പോൾ എത്ര ഷെഡ്യൂളുകൾ ഓപ്പറേറ്റ് ചെയ്യുന്നുണ്ട് ;

(ഡി) പുതിയതായി എറണാകുളം, ഗുരുവായൂർ റൂട്ടിൽ അനുവദിച്ചിട്ടുള്ള ഓർഡിനറി ലിമിറ്റഡ് സ്റ്റോപ്പ് സർവീസുകൾ കൊടുങ്ങല്ലൂരിൽ നിന്നും ഓപ്പറേറ്റ് ചെയ്യുവാൻ നിർദ്ദേശം നൽകുമോ ?

ഉത്തരം

(എ) സബ് ഡിപ്പോ ആയി പ്രഖ്യാപിച്ചിട്ടില്ല. എങ്കിലും സബ് ഡിപ്പോ ആക്കുന്നതിന്റെ പ്രാരംഭ നിർമ്മാണ പ്രവർത്തനങ്ങളുടെ ഉൽഘാടനം നടന്നിട്ടുണ്ട്.

(ബി) കുറഞ്ഞത് 25 ഷെഡ്യൂളുകൾ ആവശ്യമാണ്.

(സി) 12 എണ്ണം

(ഡി) ഇക്കാര്യം പരിശോധിക്കുന്നതാണ്.

കിളിമാനൂർ ട്രാൻസ്പോർട്ട് ഡിപ്പോയിലെ പ്രശ്നങ്ങൾ

27 (809) ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ : താഴെകാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ :

(എ) കിളിമാനൂർ ട്രാൻസ്പോർട്ട് ഡിപ്പോയിലെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിലേയ്ക്ക് വേണ്ടി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ;

(ബി) ഇനിയും അവശേഷിക്കുന്ന പ്രശ്നങ്ങൾ ഉടൻ പരിഹരിക്കുവാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) കിളിമാനൂർ ബസ് സ്റ്റേഷൻയാർഡിന്റെ ടാറിംഗും മെറ്റലിംഗും പണി പുരോഗമിച്ചുവരുന്നു. ഒന്നാം നിലയിൽ പുതിയതായി പണികഴിപ്പിച്ച ഓഫീസ് മന്ദിരത്തിനോട് ചേർന്ന ടിക്കറ്റ് ആന്റ് ക്യാഷ് സെക്ഷനുവേണ്ടിയുള്ള പുതിയ ഓഫീസിന്റെ നിർമ്മാണം തുടങ്ങുന്നതിനുള്ള നടപടി ക്രമങ്ങൾ പൂർത്തിയായിട്ടുണ്ട്. ഇതിന്റെ പണി ഉടനെ ആരംഭിക്കുന്നതാണ്. ഡീസൽ പമ്പിന്റെ തെക്കുഭാഗത്തുള്ള മതിൽക്കെട്ടിന്റെ പണിയും പൂർത്തിയാക്കിയിട്ടുണ്ട്. ഡിപ്പോയുടെ തെക്കുഭാഗത്തു എം. സി. റോഡിനോടു ചേർന്നുള്ള ശോചനീയാവസ്ഥയിലുള്ള പഴയകെട്ടിടങ്ങൾ പൊളിച്ചുമാറ്റി.

(ബി) യാർഡിന്റെ മെറ്റലിംഗ് കഴിഞ്ഞശേഷം പുതിയ വേ-ഇൻ-വേ ഔട്ട് സംവിധാനം നിലവിൽ വരുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

കൊടുങ്ങല്ലൂരിൽ നിന്നും ശബരിമല സ്പെഷ്യൽ സർവ്വീസ്

28 (811) പ്രൊഫ. മീനാക്ഷി തമ്പാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly